# മലയോരത്തെ കർഷകർക്കിനി തേങ്ങയിടാൻ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

രാജപുരം: മലയോരത്തെ കർഷകർ മൂപ്പെത്തിയ തേങ്ങ പറിച്ചെടുക്കാൻ ഇനി കഷ്ടപ്പെടേണ്ടതില്ല. തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ ചേർന്നു തെങ്ങുകയറ്റ പരിശീലനം നേടിയ അസാം സ്വദേശികളായ ദിനുവും സോഹനും തെങ്ങുകയറ്റ യന്ത്രവുമായി കൂടെയുണ്ട്. മലയോരത്തെ തെങ്ങുകയറ്റ പരിശീലന കേന്ദ്രമായ കൊട്ടാടി മാസ്ട്രെയിനിംഗ് സെന്ററിൽ നിന്നാണ് ദിനുവും സോഹനും തെങ്ങുകയറ്റ പരിശീലനം നേടിയത്. പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം അഞ്ചു വർഷം മുൻപ് പനത്തടി സ്വദേശിയുടെ വീട്ടിൽ ജോലിക്കെത്തിയതാണ് ദിനുവും സോഹനും.

സ്വന്തം നാട്ടിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ ശമ്പളം ഇവിടെ ലഭിക്കുന്നതാണ് ഇവരെ കേരളത്തിലേക്കാകർഷിച്ചത്. ജോലിചെയ്യുന്ന വീട്ടിൽ തെങ്ങു കയറാൻ ആളെ കിട്ടാൻ ബുദ്ധിമുട്ടായതോടെ ഇവർ തെങ്ങുകയറ്റ പരിശീലനം നടത്താൻ തീരുമാനിക്കുകയായിരുന്നു. നാട്ടിൽ തെങ്ങുകൾ കുറവാണെങ്കിലും കേരളത്തിൽ തെങ്ങുകയറ്റ തൊഴിലിന് സാധ്യത കൂടുതലാണെന്നും ഇവർ പറയുന്നു. പരിശീലനത്തോടനുബന്ധിച്ച് നടത്തിയ തെങ്ങുകയറ്റ മത്സരത്തിൽ സമ്മാനം നേടിയതും ഈ യുവാക്കളാണ്.

കേന്ദ്ര നാളികേരവികസന ബോർഡിന്റെ സഹായത്തോടെ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ രണ്ടു സ്ത്രീകളുൾപ്പെടെ ഇരുപതു പേരാണു പരിശീലനം നേടിയത്. സൗജന്യമായി നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കു കേന്ദ്ര നാളികേര വികസന ബോർഡിന്റെ സർട്ടിഫിക്കറ്റും തെങ്ങുകയറ്റയന്ത്രവും ഭക്ഷണവും താമസസൗകര്യവും നൽക്കുന്നുണ്ട്. ഒപ്പം രണ്ടുലക്ഷം രൂപയുടെ സൗജന്യ അപകട ഇൻഷുറൻസ് പരിരക്ഷയും നൽകുന്നു. തെങ്ങുകയറ്റ പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 9400097845 എന്ന നമ്പറിൽ ബന്ധപ്പെടാം.



കൊട്ടോടി മാസ് ട്രെയിനിംഗ് സെന്ററിൽ തെങ്ങുകയറ്റ പരിശീലനത്തിലേർപ്പെട്ട അസാം സ്വദേശികൾ.